# സമൂഹജ്ഞാന പ്രസ്ഥാനം

ഒന്നാം അന്തർദ്ദേശീയ സമ്മേളനം

2011 നവംബർ 12 -14 , വാരാണസി, ഇന്ത്യ

2011 നവംബർ 12 മുതൽ 14 വരെ **വാരാണസി**യിൽ, **സാരനാഥ്** എന്ന സ്ഥലത്ത് ***സമൂഹജ്ഞാന പ്രസ്ഥാനത്തിന്റെ ഒന്നാം അന്തർദ്ദേശീയ സമ്മേളനത്തിൽ*** പങ്കെടുക്കുവാൻ **വിദ്യാശ്രമം** നിങ്ങളെ സാദരം ക്ഷണിച്ചുകൊള്ളുന്നു . കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക http://www.vidyaashram.org , http://lokavidyajanandilan.blogspot.com

## സാമൂഹിക പ്രസ്ഥാനങ്ങളും 'സമൂഹജ്ഞാന' നിലപാടും

ജന വിഭാഗങ്ങൾ സ്വന്തം കുടിയിരിപ്പിൽ നിന്നും , വീട്ടുകളിൽനിന്നും , തൊഴിലിടങ്ങളിൽ നിന്നും ഒഴിപ്പിക്കപ്പെടുന്ന ഒരു പരിതസ്ഥിതിയാണ് ഇന്നത്തെ ഏറ്റവും ഗംഭീരമായ സാമൂഹിക പ്രശ്നം . ബലം പ്രയോഗിച്ച് കൃഷിഭൂമി പിടിച്ചെടുക്കുന്നതിന്നെതിരെയും അർഹമായ നഷ്ട പരിഹാരങ്ങൾക്ക് വേണ്ടിയും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രക്ഷോഭങ്ങൾ തുടരുകയാണ് . പ്രകൃതി വിഭവങ്ങൾക്ക് മേൽ തങ്ങൾക്കുള്ള അവകാശങ്ങൾക്ക് വേണ്ടിയും പാരിസ്ഥിതികമായ തകർച്ചകൾക്കെതിരെയും ആദിവാസി ജനതയും പ്രാദേശിക ജനവിഭാഗങ്ങളും പോരാട്ടത്തിലാണ് . സാമൂഹിക നീതിക്കുവേണ്ടി ചേരി നിവാസികളും ഗ്രാമീണ ചന്തകളുടെ നാശത്തിന്നെതിരെയും ബഹുരാഷ്ട്രകുത്തകളുടെ കയ്യേറ്റങ്ങൾ ക്കെതിരായും ആഗോള വിപണി ക്കെതിരെയും ആട്ടിവ്യപാരി കളും കൌശല പണിക്കാരും സമര രംഗത്താണ് . കുടിയൊഴി പ്പിക്കലിനും, ബലം പ്രയോഗിച്ച് ആട്ടിമാറ്റുന്നതിന്നുമെതിരായി വിവിധ ജന വിഭാഗങ്ങൾ നടത്തുന്ന പോരാട്ടങ്ങൾ ബഹുജന പ്രസ്ഥാനങ്ങളായി മാറിയിട്ടുണ്ട് . അവശ ജനവിഭാഗങ്ങളെ സംഘടിപ്പിക്കുന്നവർ ഭരണ വർഗത്തിന്റെ അവഗണനയെ നേരിടാനുള്ള മാർഗങ്ങൾ അന്വേഷിക്കുകയാണ് .

തങ്ങളുടെ സമൂഹത്തിൽ നിന്നും പുറത്താക്കപ്പെട്ട ഈ ജന വിഭാഗങ്ങളി ലാരും തന്നെ ഉന്നത വിദ്യാഭ്യാസം ലഭിച്ച വരല്ല. സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നും തൊഴിലിൽ നിന്നും പരമ്പരാഗത മായി ആർജിച്ച അറിവ് ( സമൂഹജ്ഞാനം ) പരീക്ഷണ ങ്ങളിലൂടെ ശക്തി പ്പെടുത്തിയാണ് അവർ അവരുടെ സ്വന്ത മായ ജീവിതം സൃഷ്ടിച്ചത് . പുറം തള്ളപ്പെട്ടപ്പോഴുണ്ടായ ഒറ്റ പ്പെടൽ അവരുടെ ജീവിതസാഹചര്യങ്ങളിൽ മാറ്റം വരുത്തി . പരമ്പരാഗത മായി നേടിയ അറിവ് കൊണ്ട് നേരിടാനാ വില്ലെന്ന ബോധം നിലവാരമില്ലാത്ത തൊഴിലുകളിലേക്ക് അവരെ തിരിച്ചുവിട്ടു . തലമുറ കളിലൂടെ സ്വന്ത മാക്കിയ അറിവിന്റെ ഭണ്ഡാരം ജീവിതത്തിൽ നിന്ന് വേർപെടുത്തി അവരുടെ ശക്തിയെ തന്നെ കടിഞ്ഞാണിടുന്ന സ്ഥിതി വിശേഷമാണ് അവർ അനുഭവിക്കുന്നത് .അവരുടെ ചിന്താ ശീലം , കഴിവ്, ജീവിത മൂല്യങ്ങൾ , സംഘടനാ രീതി , നൈതിക ബോധം എല്ലാം ഈ അറിവിന്റെ അവിഭാജ്യ ഘടകവും , ശക്തിയുടെ ഉറവിടവുമാണ് . ഇക്കാര്യം മനസ്സിലാക്കാൻ നമ്മൾ ഓർമ്മിക്കേണ്ട പ്രധാന വസ്തുത ഇതാണ് - വിമോചന ത്തിന്റെ മാർഗങ്ങൾ അറിവിന്റെ ലോകത്തിലൂടെ മാത്ര മാണ് പോകുന്നതു ! 'അറിവിന്റെ യുഗ'ത്തിൽ സമൂഹ ജ്ഞാന പ്രസ്ഥാന ത്തിന്റെ നിലപാട് തന്നെ യാണ് ജനങ്ങളുടെ നിലപാട്.

## ലോകവിദ്യ - ജ്ഞാന അവകാശ വാദം

ഇന്ന് ലോകത്തിൽ എല്ലായിടത്തും തദ്ദേശ വാസികളും കർഷകരും തങ്ങളുടെ പുതിയ അവകാശ വാദം ഉന്നയിക്കാൻ തയ്യാറാണ് . സ്വയം ആർജിച്ച അറിവ് ഉപയോഗ പ്പെടുത്തി സ്വന്തം വിശ്വാസങ്ങൾക്കും മൂല്യങ്ങൾക്കും അനുസരിച്ച് ജീവിക്കാനുള്ള അവകാശ വാദം ഉന്നയിക്കുകയാണ് അവർ. അതോടൊപ്പം തങ്ങളുടെ ആവശ്യ ത്തിന്നനുസരിച്ച തങ്ങളുടെ അറിവ്

വികസിപ്പിക്കാനും അവർ പ്രയത്നശീലരാണ്. അതിനാൽ ഇന്ന് ഏഷ്യ , ആഫ്രിക്ക , തെക്കേ അമേരിക്ക യിൽ നടക്കുന്ന കോലാഹലങ്ങളും ബഹളങ്ങളും അനാഥരും അടിച്ചമർത്തപ്പെട്ടവരുമായ ജനതയുടെ പുതിയ ഐക്യത്തിനു വഴിയൊരുക്കുന്നു . ഈ ഐക്യത്തിന്റെ അടിത്തറ എന്താണ് ? ലോകവിദ്യ , എന്നാൽ സമൂഹജ്ഞാനം തന്നെ! കർഷകരും , ഗിരിജനങ്ങളും , സ്ത്രീകളും ,ആട്ടിവ്യപാരികളും, കൌശലപണിക്കാരും തങ്ങളുടെ ജീവിതം കൊണ്ടു തയ്യാറാക്കുന്ന സമൂഹജ്ഞാനം. ലോകവിദ്യ അവകാശ വാദം കേവലം നിലനില്പിന് വേണ്ടി മാത്രമുള്ളതല്ല ; മറിച്ച് ഒരു പുതിയ ലോകത്തിന്റെ നിർമിതി ക്കുള്ളതാണ് , സത്യത്തിലും സാമൂഹിക സാമ്പത്തിക സമത്വത്തിലും അടിയുറച്ച ഒരു സമൂഹത്തിനു വേണ്ട അറിവ് നല്കാൻ അവർക്ക് മാത്രമേ കഴിയൂ എന്ന് അവർ ഉദ് ഘോഷിക്കണം . അങ്ങിനെ സംഭവിക്കുന്നതുവരെ സാമൂഹിക വിപ്ലവങ്ങളെ ക്കുറിച്ചുള്ള നമ്മുടെ പഴയ ധാരണകൾ നിർമിച്ച തുറുങ്കിൽ നമ്മൾക്ക് നിഷ്ഫലമായി കഴിയേണ്ടി വരും. മറിച്ച് ഈ അവകാശ വാദം സാമൂഹിക- സാമ്പത്തിക-സാംസ്കാരിക-രാഷ്ട്രീയ ലോകത്ത് നവ ഭാവനക്കും ചിന്തകൾക്കും ജന്മം നൽകും. അത്തരത്തിലുള്ള ഒരു പ്രക്രിയ യാണ്

## लोकविद्या जन आन्दोलन ( സമൂഹജ്ഞാന പ്രസ്ഥാനം)

വളരെ ചുരുക്കം ആളുകളുടെ അപാര 'പുരോഗതി' യും ഭൂരിപക്ഷം മനുഷ്യരുടെ പരിവട്ട വർധനയും നിർമിച്ച നിലവിലുള്ള ചിന്തകളും സ്ഥാപനങ്ങളും ആഗോള സാമ്പത്തിക - പാരിസ്ഥിതിക പ്രതിസന്ധിയിലേക്ക് ലോകത്തെ എത്തിച്ചിരിക്കുന്നു. സമൂഹജ്ഞാന പ്രസ്ഥാനം ഈ ഭൂരിപക്ഷത്തിന്റെ - ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളും സർവകലാശാലകളും അറിവില്ലാത്തവരെന്ന അപകീർത്തി മുദ്രയടിച്ച ഭൂരിപക്ഷത്തിന്റെ - അറിവ് പ്രസ്ഥാന മാണ്. സർവകലാശാലകളുടെ ഭിത്തികൾക്കപ്പുറം അപാരമായ ജ്ഞാനം സമൂഹത്തിൽ പരന്നു കിടക്കുന്ന കാര്യം ഒരുപക്ഷെ മിക്ക പേരും സമ്മതിക്കും. എത്ര തന്നെ സ്വതന്ത്രമായി അറിവ് (ലോകവിദ്യ) പരന്നു കിടക്കുന്നുവോ അത്ര തന്നെ ഈ വസ്തുസ്ഥിതി മനുഷ്യ സമൂഹത്തിലും പരന്നു കിടക്കുന്നു എന്നതാണ് സത്യം. പക്ഷെ ഈ രണ്ടു കക്ഷികൾക്കും, സ്വതന്ത്രമായി വിഹരിക്കുന്ന അറിവിനും ഈ മനുഷ്യർക്കും, സമുദായത്തിൽ മാന്യതയില്ല എന്നതാണ് വസ്തുസ്ഥിതി. ഇവരുടെ അറിവിന് സാമ്പത്തിക നേട്ടങ്ങളില്ലാത്തത് കൊണ്ട് അവരെന്നും ദരിദ്രരായി നില നിൽക്കുന്നു. സമുദായത്തിൽ വേണ്ടത്ര ആദരവും അംഗീകാരവും ലഭിക്കാത്തത് മൂലം അവർ സാംസ്കാരികമായും പാരശ്വവൽകരിക്കപ്പെടുന്നു. ജനകീയ സംഘടന കളുമായി വ്യക്തമായ ബന്ധ മില്ലാത്ത അവസ്ഥയിൽ അവർ രാഷ്ട്രീയമായും അപ്രസക്തരായി കാണപ്പെടുന്നു . ഈ പരിതസ്ഥിതിയെ ആധാരമാക്കി ഒരു രാഷ്ട്രീയ പ്രസ്ഥാനം ഉടലെടുക്കുകയാണ് . ഇത് लोकविद्या जन आन्दोलन ( സമൂഹജ്ഞാന പ്രസ്ഥാനം) എന്നാ പേരിൽ അറിയപ്പെടും. കർഷകരും , ഗിരിജനങ്ങളും , സ്ത്രീകളും ,ആട്ടിവ്യപാരികളും, കൌശലപണിക്കാരും ഒരുമിച്ച് അവരുടെ അറിവിന്റെ ആധാരത്തിൽ ഒരു വേദിയിൽ എകൊപിക്കുക എന്നതാണ് ഈ സമ്മേളനത്തിന്റെ ലക്ഷ്യം.

## ലോകവ്യാപക സമൂഹജ്ഞാന പ്രസ്ഥാനം

ലോകം ഒരു പുതിയ പ്രസ്ഥാനത്തിന് സാക്ഷ്യം വഹിക്കുകയാണ് ; പുതിയ രാഷ്ട്രീയ സങ്കൽപ്പങ്ങൾ മുന്നിൽ കാണുന്ന ഒരു സമൂഹജ്ഞാന പ്രസ്ഥാനം. ഭാരതത്തിലെ സമൂഹജ്ഞാന പ്രസ്ഥാനം (लोकविद्या जन आन्दोलन ), ബൊളിവിയ യിലെ മാതൃഭൂമി അവകാശ പ്രസ്ഥാനം (Rights of Mother Earth in Bolivia), ഇക്വഡോർ രാജ്യത്തെ പ്രകൃതി അവകാശ പ്രസ്ഥാനം ( Rights of Nature in Equador), അന്തർദേശീയ കർഷക പ്രസ്ഥാന ത്തിന്റെ ഭക്ഷണ സാമാജ്യം ( Food Sovereignty by the International Peasants Movement Via Campesina ), യുറോപ്പിലെയും അമേരിക്കയിലെയും കൊഗ്നിട്ടീവ് ക്യാപിറ്റലിസം പ്രഖ്യാപിക്കുന്ന 'അറിവിന്റെ വിമോചനം' (Cognitive Capitalism and the Idea of Knowledge Liberation in Europe and America) - ഇവയെല്ലാം ഇതുവരെ ഇന്നലെ അറിയാത്ത ഭാവിയിലെ

മന്ഥനത്തിന്റെ മുന്നോടിയായി കാണാം. ഇവയിലെല്ലാം ഒരു ആശയം മുഴങ്ങി കേൾക്കുന്നു - എല്ലാ മനുഷ്യർക്കും അറിവുണ്ട് , ആ അറിവും വിശ്വാസങ്ങളും സയൻസിന്റെ പേരിൽ പറഞ്ഞു പരത്തുന്ന അറിവിനേക്കാളും പിന്നിലല്ല. കഴിഞ്ഞ നൂറ്റാണ്ടുകളിൽ പ്രകൃതിയും ജനങ്ങളും നേരിട്ട വിനാശം ഇന്നത്തെ കമ്പ്യൂട്ടർ ടെക്നോളജി അനവധി ഇരട്ടി യാക്കുമെന്നും, മുറിവുകൾ ഉണക്കാൻ ആധുനിക വിജ്ഞാന ചങ്ങല കെട്ടാത്ത സമൂഹ ജ്ഞാനങ്ങളുടെ ലോകവ്യാപകമായ  ശ്രുംഗലക്കു  മാത്രമേ കഴിയൂ എന്നും लोकविद्या जन आन्दोलन സമൂഹജ്ഞാന പ്രസ്ഥാനം വാദിക്കുന്നു.

## സമൂഹജ്ഞാന പ്രസ്ഥാനം - ഒന്നാം അന്തർദ്ദേശീയ സമ്മേളനം

**സ്ഥലം** : വിദ്യാശ്രമം, വാരാണസി, ഇന്ത്യ

**തിയ്യതി** : നവംബർ 12 -14, 2011

**പരിപാടികൾ** : ആദ്യത്തെ രണ്ടു ദിവസം മൂന്നു പ്രധാന ആശയങ്ങൾ കൈകാര്യം ചെയ്യും

- लोकविद्या (സമൂഹജ്ഞാനം ) , ജനങ്ങളുടെ അറിവ് പ്രസ്ഥാനം
- സമൂഹജ്ഞാനത്തിനു പിന്നിലെ ജനങ്ങളുടെ പോരാട്ടങ്ങൾ
- സമൂഹജ്ഞാന പ്രസ്ഥാനം - സമരതന്ത്രങ്ങൾ , പോംവഴികൾ

മൂന്നാം ദിവസം സമൂഹജ്ഞാന പ്രസ്ഥാനത്തിൽ ഭാഷ , മീഡിയ , കല , ദർശനം എന്നിവയുടെ പ്രാധാന്യം , പ്രത്യേകിച്ച് സമൂഹജ്ഞാന പ്രസ്ഥാനതിനോടടുത്തു പ്രവർത്തിക്കുന്ന മറ്റു പ്രസ്ഥാനങ്ങളുമായി ചർച്ച .

**പങ്കെടുക്കുന്നവർ യാത്ര ചെലവ് സ്വന്തം വഹിക്കണം . വിദ്യാശ്രമം വാരാണസി യിൽ താമസ സൗകര്യം ചെയ്തു തരുന്നതായിരിക്കും .**

കൂടുതൽ വിവരങ്ങൾക്ക്  ഇവരുമായി  സമ്പർക്കം ചെയ്യുക

Sunil Sahasrabudhey  Varanasi  budhey@gmail.com  +91-9839275124
B. Krishnarajulu  Hyderabad  kkbandi@gmail.com  +91-9866139091
Amit Basole  Boston  abasole@gmail.com  +1-6176867437

Vidya Ashram
Sarnath, Varanasi, India
www.vidyaashram.org